കോവളം-ടൂറിസം വികസനം

132(424) ശ്രീ. വർക്കല കഹാർ :
ശ്രീ. ജോർജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവളത്ത് വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായി തുടങ്ങിയ ടൂറിസം ഗ്രാമത്തിന്റെ നിർമ്മാണ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ;

(ബി) ഇവിടെ എന്തൊക്കെ പവിലിയനുകളും വ്യാപാര സമുച്ചയങ്ങളും ആണ് വിഭാവന ചെയ്തിരുന്നത്;

(സി) പ്രസ്തുത ടൂറിസം ഗ്രാമത്തിന്റെ പണി എന്ന് പൂർത്തിയാക്കുമെന്നാണ് പ്രഖ്യാപിച്ചിരുന്നത് എന്ന് വ്യക്തമാക്കുമോ;

(ഡി) ഇതുവരെ പ്രസ്തുത ഗ്രാമത്തിന്റെ നിർമ്മാണത്തിനായി എന്തു തുക ചെലവഴിച്ചു എന്നു വ്യക്തമാക്കാമോ;

(ഇ) ഇവിടത്തെ നിർമ്മാണ പ്രവർത്തനങ്ങൾ അനിശ്ചിതമായി നിർത്തിവച്ചിരിക്കുന്നത് എന്തുകൊണ്ടാണ് എന്ന് വ്യക്തമാക്കുമോ;

(എഫ്) ഇതിന്റെ നിർമ്മാണ പ്രവർത്തനം അടിയന്തിരമായി പൂർത്തിയാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ അവസാന ഘട്ടത്തിലാണ്.

(ബി) പ്രവേശന കവാടം, കാർ പാർക്കിംഗ്, സ്റ്റാളുകൾ, തട്ടുകട, ആംഫിതിയേറ്റർ, കേരളീയ ശൈലിയിലുള്ള വീട്, ടോയ്ലെറ്റ്, റെസ്റ്റ് റൂം, ലാൻ സ്കേപ്പിംഗ്, ഫുഡ് കോർട്ട് (ട്രാവൻകൂർ, കൊച്ചിൻ മലബാർ) എന്നിവയാണ് വിഭാവനം ചെയ്തിരുന്നത്.

(സി) കഴിഞ്ഞ സാമ്പത്തികവർഷം പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്.

(ഡി) ഇതുവരെ രണ്ട് കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഇ) നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ഏറ്റെടുത്ത കോൺട്രാക്ടർക്ക് നിശ്ചിത സമയത്തിനുള്ളിൽ പണി നടത്താൻ സാധിക്കാത്തതിനാൽ ഇപ്പോൾ പുതിയ കോൺട്രാക്ടറെ ഏല്പിക്കുകയും നിർമ്മാണ പ്രവൃത്തികൾ വളരെ വേഗം പുരോഗമിച്ചുവരികയും ചെയ്യുന്നു. 2011 ഫെബ്രുവരി മാസത്തോടു കൂടി പ്രവൃത്തികൾ പൂർത്തിയാക്കാൻ കഴിയും.

(എഫ്) ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി പൂർത്തിയാക്കുന്നതിലേക്കായി സർക്കാർതലത്തിൽ ഒരു മീറ്റിംഗ് നടത്തുകയും 2011 ഫെബ്രുവരി മാസത്തോടുകൂടി പണികൾ പൂർത്തിയാക്കാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly